

FRIDAY

24/10/2025

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/10/2025

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സെൻട്രൽ ഓർച്ചാർഡ് പട്ടാമ്പിയുടെ സമഗ്രവും സുസ്ഥിരവും ആയ വികസനം ലക്ഷ്യമാക്കി രൂപീകരിച്ച പദ്ധതിക്ക് പട്ടാമ്പി എം.എൽ.എ മുഹമ്മദ് മുഹ്സിൻ ന്റെ നിർദ്ദേശപ്രകാരം കേരള ബജറ്റ് 2024-25 വികസന ഫണ്ടിൽനിന്നും അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ജൈവകൃഷി പരിശീലന യൂണിറ്റ് നിർമാണം, നടപ്പാത, ചെയിൻ ലിങ്ക് ഫെൻസിങ്, പോളിഹൗസ് നിർമാണം, സംയോജിത കൃഷി യൂണിറ്റ്, 13 ഏക്കർ സ്ഥലത്ത് കൃത്യത കൃഷി, കുഴൽക്കിണർ നിർമാണം, ഔഷധസസ്യ ഗാർഡൻ, കുട്ടികൾക്കുള്ള പാർക്ക്, അലങ്കാര പുഷ്പങ്ങളുടെ കൃഷി, സ്മാർട്ട് കൃഷി പരിചയപ്പെടുത്തൽ, വിവിധ കാർഷിക സെൻസറുകൾ ഉപയോഗിച്ചുള്ള കൃഷിരീതികൾ, ഹൈടെക് ഫാമിങ് യൂണിറ്റ്, വിദേശ ഫലവൃക്ഷ തോട്ടം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കർഷകർക്ക് വിവിധ കൃഷിരീതികൾ കണ്ടുമനസ്സിലാക്കുന്നതിന് കഴിയുന്ന രീതിയിലുള്ള ഫാം ടൂറിസം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനോടൊപ്പം പട്ടാമ്പി ബ്ലോക്കിൽ നടപ്പിലാക്കുന്ന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയായ 'ക്ലസ്റ്റർ ഗ്രാമം' പദ്ധതിയും ഉദ്ഘാടനം നിർവഹിക്കപ്പെടുകയാണ്. ഈ രണ്ട് പദ്ധതിയുടെയും ഉദ്ഘാടനം പട്ടാമ്പി എം.എൽ.എ മുഹമ്മദ് മുഹ്സിൻ ന്റെ അധ്യക്ഷതയിൽവച്ച് നടക്കുന്ന ചടങ്ങിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പുമന്ത്രി പി. പ്രസാദ് പട്ടാമ്പി പിഷാരടീസ് ഓഡിറ്റോറിയത്തിൽ വച്ച് 2025 ഒക്ടോബര് 24ന് ഉച്ചക്ക് 2.00 മണിക്ക് നിർവഹിക്കുന്നതാണ്.

2. ശാസ്ത്രീയമായ കൃഷി രീതികൾ അവലംഭിച്ചുകൊണ്ട് നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കേര കർഷകർക്ക് ആദായം കൂട്ടുന്നതിനും ലക്ഷ്യമിട്ട് കേരള സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയ്ക്ക് പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിൽ തുടക്കമാകുന്നു. 100 ഹെക്ടർ കേര കൃഷിക്കായി 25.67 ലക്ഷം രൂപയാണ് പദ്ധതിയ്ക്ക് വിനിയോഗിക്കുന്നത്. തെങ്ങുകളുടെ തടം തുറക്കൽ, തെങ്ങിൻ തോപ്പുകളിൽ ഇടവിള കൃഷി പ്രോത്സാഹനം, ജൈവപരിപാലനം, ജലസേചന സൗകര്യ മൊരുക്കൽ, തെങ്ങ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കയറ്റയന്ത്രം ലഭ്യമാക്കൽ, പുതിയ തോട്ടങ്ങളുടെ രൂപീകരണം, രോഗകീടനിയന്ത്രണം, എന്നിവയിൽ ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. നാളികേര ഉൽപ്പാദന മേഖലയിൽ വലിയ മാറ്റമാണ് പദ്ധതിയിലൂടെ പഞ്ചായത്തിൽ ലക്ഷ്യമിടുന്നത്. കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം 2025 ഒക്ടോബർ 24-ാം തിയ്യതി ഉച്ചയ്ക്ക് 3.00 മണിക്ക് ചൂരക്കോട് കെ.എസ്.എം. ഓഡിറ്റോറിയ ത്തിൽ വെച്ച് പട്ടാമ്പി എം.എൽ.എ മുഹമ്മദ് മുഹ്സിൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൻ കീഴിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനുമായി ചേർന്ന് കൂൺ കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനും കളമശ്ശേരി നിയോജകമണ്ഡലത്തിൽ കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. 100 ചെറുകിട കൂൺ ഉൽപാദന യൂണിറ്റ്, 2 വാണിജ്യ കൂൺ ഉത്പ്പാദന യൂണിറ്റ്, 1 കൂൺ വിത്ത് ഉത്പ്പാദന യൂണിറ്റ്, 2 പാക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഹൗസ്, 3 മൂല്യ വർദ്ധിത യൂണിറ്റ്, 10 കമ്പോസ്റ്റ് യൂണിറ്റ് എന്നിവ ഉൾപ്പെട്ടതാണ് ഒരു ക്ലീൺ ഗ്രാമം. കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കളമശ്ശേരി മുൻസിപ്പാലിറ്റി, ഏലൂർ മുനിസിപ്പാലിറ്റി എന്നിവയിലും പഞ്ചായത്തുകളായ കരുമാലൂർ, കടുങ്ങല്ലൂർ, ആലങ്ങാട്, കുന്നുകര എന്നിവിടങ്ങളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി രാജീവ് നിർവ്വഹിക്കും. പരിപാടിയിൽ ക്ലീൺ കൃഷി സംബന്ധിച്ച സെമിനാറും ക്ലീൺ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഉണ്ടായിരിക്കുന്നതാണ്.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"വാഴയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ"** എന്ന വിഷയത്തിൽ 2025 ഒക്ടോബർ 27ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. മലപ്പുറം ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ' **കാട വളർത്തൽ'** എന്ന വിഷയത്തിൽ സൗജന്യ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഒക്ടോബർ 25 ശനിയാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296,9074552071 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2025 ഒക്ടോബർ 28-ാം തീയ്യതി (ചൊവ്വാഴ്ച) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ **"കാട വളർത്തൽ"** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04936-297084 .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം